
# ബൈബിൾ
# ട്ടണ്



## ❁ You are Cordially Invited To Attend ❁

Worship Services and Bible Studies

Sunday - 10 a. m.

Tuesday- 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും സംശയങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

***Editors:***

**P. K. VARGHESE**

**J. C. CHOATE**

***   ***   ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

| Vol. 1 | May 1987 | No. 2 |
|---|---|---|


ദൈവത്തെക്കാളുപരി മതത്തെ സ്നേഹിക്കുന്ന ആധുനിക മനുഷ്യന്റെ പരിജ്ഞാനത്തെക്കുറിച്ചു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. വൈകാരിക മനോഭാവം മാനദണ്ഡമാക്കി സമൂഹത്തെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്തുവാൻ അദ്ധ്യക്ഷന്മാരും ശ്രമിക്കുന്നു. ആത്മാർത്ഥരായ സത്യാന്വേഷികളെ സഹായിക്കുവാൻ നാം ഓരോത്തരും തയ്യാറാകണം. അറിവില്ലായ്മ എന്ന ബോധം ഒരു വ്യക്തിയിൽ ഉണ്ടാകുന്നതു തന്നെയാണു ജ്ഞാനം ലഭിക്കുവാനുള്ള മാർഗ്ഗം. എഴുതി മുഷിഞ്ഞ ഒരു സ്ലെയിററിൽ എഴുതിയാൽ തെളിഞ്ഞു കാണാൻ പ്രയാസമാണു്. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ അവർക്കു് സ്വർഗ്ഗരാജ്യം ലഭിക്കും (മത്തായി 5:3). ഞാൻ ആത്മീയമായി തികഞ്ഞവനാണു, എനിക്കെല്ലാം അറിയാം എന്നൊരു വ്യക്തിക്കു തോന്നിയാൽ അവൻ അറിയേണ്ടതുപോലെ ഒന്നും അറിഞ്ഞിട്ടില്ല എന്നു സ്പഷ്ടം. ശാസ്ത്രീയവും ലൗകികവുമായ പാണ്ഡിത്യം നേടുവാൻ പലരും കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. പക്ഷെ ദൈവീക പാണ്ഡിത്യം കൈവരിക്കുവാൻ അനേകർ മുതിരുന്നില്ല. വിദ്യാഭ്യാസരംഗത്തും മത്സരമാണ് നടക്കുന്നതു. മററുള്ളവരുടെ കുട്ടികളേക്കാൾ എന്റെ കുട്ടിക്ക് ഒന്നാംസ്ഥാനം ലഭിക്കണമെന്നാണ് ഓരോ രക്ഷകർത്താക്കളുടേയും ആഗ്രഹം. എന്നാൽ എന്റെ കുട്ടിയുടെ ആത്മീയ പരിജ്ഞാനം മററുള്ളവരുടേതിനേക്കാൾ ഉയർന്നിരിക്കണം എന്ന ചിന്ത രക്ഷകർത്താക്കളിൽ ഉണ്ടാവുന്നില്ല. തൽഫലമായി മക്കളുടെ അസ്സാന്മാർഗ്ഗജീവിതം കാണുവാനും കേൾക്കുവാനും ഇടവരുന്നു. ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക; വൃദ്ധനായാലും അതു വിട്ടു മാറുകയില്ല. നിങ്ങൾ ഓരോരുത്തരും അങ്ങനെ ആയിത്തീരട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു.

**പി. കെ. വർഗ്ഗീസ്**

# ക്രിസ്തുവിനെ കൂടാതെ

ജെ. സി. ചോട്ട്

അപ്പൊ: പൗലോസ് എഫേസ്യയിലെ ക്രിസ്ത്യാനികളോടു ഇപ്രകാരം എഴുതി:- "ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു, ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏററു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്ന വിളിക്കപ്പെട്ടിരുന്നു. അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്നശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കികൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വച്ചു ശത്രുത്വം ഇല്ലാതാക്കി· അതിനാൽ ഇരുപക്ഷത്തേയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ. അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്കു സമാധാനവും സമീപത്തുള്ളവർക്കു സമാധാനവും സവിശേഷിച്ചു, അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ, ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു, അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു." (എഫേസ്യ 2:11-22).

അപ്പോസ്തലനായ പൗലോസ് ഈ ഭാഗത്തിലൂടെ എഫേസ്യയിലെ ക്രിസ്ത്യാനികളുടെ പഴയ അവസ്ഥയെ (ക്രിസ്തുവും ദൈവവുമില്ലാതെ, പ്രത്യാശയും വാഗ്ദാനവുമില്ലാതെയും) വ്യക്തമായി അവതരിപ്പിക്കുന്നു. കൂടാതെ ക്രിസ്തുവിന്റെ രക്തത്താൽ എപ്രകാരമാണു് യഹൂദനും യവനനും ക്രിസ്തുവിൽ ഒന്നായി

ത്തീർന്നതു എന്നും ചൂണ്ടികാട്ടുന്നു. അങ്ങനെ ക്രിസ്തുവിന്റെ കുടുംബത്തിലെ അഥവാ സഭയിലെ അംഗങ്ങളായി ത്തീർന്നതിനെ പററിയും പൗലോസ് വിവരിക്കുന്നു. എങ്ങനെയാണു് ഇതെല്ലാം സാധ്യമായത്? യഹൂദനെയും യവ്വനനെയും വേർതിരിച്ചിരുന്ന നടുച്ചുവർ............ ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം............ ഇവയെല്ലാം തകർത്ത്യ പരാജയപ്പെടുത്തിയ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ രക്തത്തെയും പററി പൗലോസ് വ്യക്തമായി അവതരിപ്പിക്കുന്നു, മോശയുടെ ന്യായപ്രമാണം നിവർത്തിച്ച ക്രിസ്തുവിനെ പൗലോസ് ഉദ്ധരിക്കുന്നു........

ഈ അനുഗ്രഹങ്ങാം നേടിയ എഫേസ്യയിലെ ക്രിസ്ത്യാനികാം ബന്ധനങ്ങളിൽ നിന്നും മോചനം നേടിയ അവർ........വീണ്ടും പഴയ ബന്ധനത്തിലേക്കു് പോകുവാൻ ആഗ്രഹിക്കുമോ ?ഒരിക്കലുമില്ല ! അങ്ങനെയെങ്കിൽ അവർ ക്രിസ്തുവും ദൈവവുമില്ലാതെ നഷ്ടപ്പെട്ടവരായിത്തീരും.

സുഹൃത്തുക്കളേ ! ന്യായപ്രമാണം നിവർത്തിക്കുവാനും അതു വഴിയിൽ നിന്നും എടുത്തു മാററുന്നതിനും വേണ്ടിയാണു് ക്രിസ്തു ലോകത്തിലേക്കു വന്നത് ( മത്തായി 5:17,18, ലൂക്കോസ് 24:44 ) ക്രിസ്തു അതു നിവർത്തിക്കുകയും ലോകത്തിനു ഒരു പുതിയനിയമത്തെ....കല്പനയെ നല്കുകയും ചെയ്തു (എബ്രാ 10:8–10, മത്തായി 26:28 ). അങ്ങനെയെങ്കിൽ ക്രിസ്തുവും ദൈവവു മില്ലാത്ത പഴയ നിയമങ്ങളിലേക്കും ബന്ധനത്തിലേക്കും പോകുവാൻ ആരാണു ആഗ്രഹിക്കുന്നതു്.

പക്ഷേ ചിലർ ഇന്നും. ആ പഴയ നിയമത്തെ ആചരിക്കുന്നതിനു ഉപദേശിക്കുകയും. പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. എങ്ങനെയോ ക്രിസ്തു ലോകത്തിലേയ്ക്കു വന്ന ആ വലിയ ഉദ്ദേശം അവർക്ക് നഷ്ടമായി....മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ന്യായപ്രമാണം അവരെ രക്ഷിക്കുന്നില്ല. അതിനെ ആചരിക്കുന്നിടത്തോളം കാലം ക്രിസ്തുവിനും അവരെ രക്ഷിക്കുവാൻ കഴിയുകയില്ല.

നിയമവും കല്പനയും നമുക്കിന്നുമുണ്ട്. പക്ഷേ അതു ക്രിസ്തുവിന്റെ നിയമവും ദൈവ കല്പനകളുമാണ്. യാക്കോബ് ഇപ്രകാരം പറഞ്ഞു............'' സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉററുനോക്കി അതിൽ നിലനില്ക്കുന്നവനോ, കേട്ടു മറക്കുന്നവനല്ല, പ്രവൃത്തിചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആയിത്തീരും '' യാക്കോബ് ക്രിസ്തുവിന്റെ നിയമത്തെക്കുറിച്ചാണ് പറയുന്നതു്. അതു അനുസരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോാം പാപത്തിന്റെ അടിമത്വത്തിൽ നിന്നും പ്രത്യാശയിലേക്ക് നാം സ്വതന്ത്രരാക്കപ്പെടുന്നു. ( യാക്കോബ് 1:25)

ആരെയാണു നിങ്ങൾ ഇന്നു പിന്തുടരുന്നത് ? മോശയെയോ, ക്രിസ്തുവിനെയോ ? ഏതു നിയമമാണു നിങ്ങൾ അനുസരിക്കുന്നത് ? പഴയതോ, പുതിയതോ ? അവ തമ്മിൽ എന്താണു വ്യത്യാസമെന്നു നിങ്ങൾ സംശയിച്ചേക്കാം ! പക്ഷേ ഈ ലോകത്തിൽ അതു വലിയ വ്യത്യാസം വരുത്തുന്നു. നശിക്കുന്നതിൻെറയും രക്ഷിക്കപ്പെടുന്നതിൻെറയും വ്യത്യാസം. ക്രിസ്തുവിനെ കൂടാതെയും ക്രിസ്തുവിനോടും എന്ന വ്യത്യാസം, പ്രത്യാശയില്ലാത്തതും, പ്രത്യാശ ഉള്ളതുമെന്ന വ്യത്യാസം........ !

വിശ്വാസത്തിൻെറ നായകനും പൂർത്തിവരുത്തുന്നവനുമായ ക്രിസ്തുവിങ്കലേക്ക് നോക്കുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു. (എബ്രായർ 12:1–2) '' പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷക്ക് കാരണഭൂതനായിതീർന്നു'' ) എബ്രായ 5:8-9 എന്നു എബ്രായ ലേഖകൻ പറയുന്നു. '' ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തിരം വന്നു ''എന്നു് യോഹന്നാൻ തൻെറ സുവിശേഷത്തിൽ എഴുതിയിരിക്കുന്നു. യോഹന്നാൻ 1:17.

നമ്മുടെ രക്ഷകൻ മോശയോ, ക്രിസ്തുവോ എന്നു മനസ്സിലാക്കുന്നതിനും, ഏതു നിയമമാണു നമുക്കു ഇന്നു സ്വീകാര്യമായിട്ടുള്ളതു എന്നു മനസ്സിലാക്കുന്നതിനും വലിയ ബുദ്ധിമുട്ടില്ല. ഇന്നു ക്രിസ്തുവും ക്രിസ്തുവിൻെറ നിയമവുമാണു് ലോകത്തിനു നല്കിയിരിക്കുന്നതു. യോഹന്നാൻ വെളിപ്പാടിൽ ഇപ്രകാരം എഴുതി. '' ജീവൻെറ വൃക്ഷത്തിൽ തങ്ങൾക്കു് അധികാരം ഉണ്ടാകേണ്ടതിനും, ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ( വചനം അനുസരിക്കുന്നവർ ) ഭാഗ്യവാന്മാർ '', വെളിപ്പാടു് 22:14.

# എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ

ഫ്രാൻസിസ് K. നാർട്ടേ

കർത്താവായ യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കായി പല മതവിഭാഗങ്ങളും ക്രിസ്തുമസ്, ഈസ്റ്റർ. തുടങ്ങി പലതരത്തിലുള്ള ആഘോഷങ്ങളും കൊണ്ടാടാറുണ്ട്. വിശുദ്ധ വേദപുസ്തകം ഇതിനെക്കുറിച്ച് എന്തു പറയുന്നു എന്നു നമുക്കു ചിന്തിക്കാം.

ഉല്പത്തി മുതൽ മലാഖിവരെ ക്രിസ്തുവിന്റെ ഓർമ്മക്കായി എന്തെങ്കിലും ചെയ്യുവാൻ പറഞ്ഞിട്ടില്ല. പക്ഷേ സുവിശേഷങ്ങളിലും ലേഖനങ്ങളിലും ക്രിസ്തുവിന്റെ ഓർമ്മക്കായി ചെയ്യേണ്ടതായ ഒരു ചടങ്ങിനെക്കുറിച്ച് പ്രതിപാദിക്കുന്നു..... അതാണ് 'കർത്താവിന്റെ മേശ'....

ദൈവം നമുക്കുവേണ്ടി മരിക്കുന്നതിനും, പാപത്തിൽ നിന്നു നമ്മെ രക്ഷിക്കുന്നതിനുമായി ക്രിസ്തുവിനെ അയച്ചു. (റോമർ 5:8) തന്റെ മരണത്തിനു മുൻപ്....തന്റെ ഓർമ്മക്കായി അത്താഴത്തിൽപങ്കുകൊള്ളുവാൻ ശിഷ്യൻമാരോട് കർത്താവ് ആജ്ഞാപിച്ചു. (മത്തായി 26:26-28, മർക്കൊസ് 14:22-25, ലൂക്കോസ് 22:14-19) ''അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യൻമാർക്കു കൊടുത്തു: വാങ്ങി ഭക്ഷിപ്പിൻ! ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ: ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം''. മത്തായി 26:26-28

**Note:**- നാലു സുവിശേഷവും ഒരേ രീതിയിൽ തന്നെ ഇതു വിവരിച്ചിരിക്കുന്നു. ''എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ'' എന്ന് ലൂക്കൊസ് 22:19-ൽ പ്രത്യേകം പറഞ്ഞിരിക്കുന്നു.

അപ്പോസ്തലനായ പൗലൊസ് കൊരിന്തിലുള്ള വിശ്വാസികൾ തെറ്റായ രീതിയിൽ കർത്തൃമേശ എടുക്കുന്നു എന്നറിഞ്ഞു അവരോടു ഇപ്രകാരം എഴുതുന്നു (1. കൊരിന്ത്യർ 11:20-34.) 23-ാം വാക്യത്തിൽ പൗലൊസ് ''ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ:- കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു

വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതുചെയ്‌വിൻ എന്നു പറഞ്ഞു'' എന്നു എഴുതിയിരിക്കുന്നു.

ഇതിൽ നിന്നും....സുവിശേഷത്തിൽ മുൻപു തന്നെ എഴുതപ്പെട്ടിരുന്നതും, ക്രിസ്തു തന്റെ ശിഷ്യന്മാരോടു കല്പിച്ചിരുന്നതുമായ വസ്തുത മാത്രമാണു പൗലൊസ് എഴുതുന്നതു എന്നു മനസ്സിലാകുന്നു. കർത്തൃമേശ കൂടാതെ ക്രിസ്തുവിന്റെ ഓർമ്മക്കായി ചെയ്യുവാൻ തിരുവചനത്തിൽ മറ്റൊന്നും നല്കിയിട്ടില്ല. ക്രിസ്തുമസ്സും, ഈസ്ററും . യേശുക്രിസ്തുവിന്റെ ഓർമ്മക്കായി ആഘോഷിക്കുവാൻ തിരുവചനം ഒരിടത്തും കല്പിച്ചിട്ടില്ല. ഇപ്രകാരം അവ ആഘോഷിക്കുന്നവർ ദൈവത്തെയോ, ക്രിസ്തുവിനെയോ അല്ല പ്രസാദിപ്പിക്കുന്നതു...........മനുഷ്യരെ മാത്രമാണ്.

ഈ ആഘോഷങ്ങൾ ദൈവഹിതമാണു എന്നു വാദിക്കുന്നവരോടു്- ആരുടെ ഉപദേശമാണു് നിങ്ങൾ പിന്തുടരുന്നത് ? എന്തുകൊണ്ടു തിരുവചനം പഠിച്ചു അതിനെ അനുസരിച്ചു കൂടാ ?

"ഏതു ദിവസമാണു് നാം കൂടിവരേണ്ടത് '' ?

പഴയനിയമത്തിൽ ലേവ്യ പുരോഹിതന്മാർ എല്ലാ ശനിയാഴ്ചയും കാഴ്ചയപ്പം ഭക്ഷിച്ചതായി കാണുന്നു, ( ലേവ്യപുസ്തകം. 24:8-9 ) പുതിയ നിയമത്തിൽ. പുരോഹിതന്മാരായി തീർന്ന എല്ലാ ക്രിസ്ത്യാനികളും ( 1. പത്രോസ് 2:9 ) ശനിയാഴ്ചത്തെ കാഴ്ചയപ്പത്തിനു പകരം ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും സാദൃശ്യമായ അപ്പവും വീഞ്ഞും കൈക്കൊള്ളേണ്ടതാണ്. ഇതു് ശനിയാഴ്ചയല്ല........ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ചയാണു ആചരിക്കുന്നത്.

അപ്പോസ്തല പ്രവർത്തികൾ 20:5–7 ൽ പൗലൊസും സഹോദരന്മാരും ത്രോവാസിൽ എത്തിച്ചേരുകയും ആറുദിവസം അവിടെ പാർക്കുകയും ചെയ്തു. തുടർന്നു ഏഴാം ദിവസത്തിനായി അവർ കാത്തിരുന്നു........... ( ഞായറാഴ്ച ) അപ്പം നുറുക്കുന്നതിനായി.

തിരുവചനം വളരെ വ്യക്തമായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആദിമ ക്രിസ്ത്യാനികൾ കൂടിവന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ( അപ്പോ:20:7, 1.കൊരിന്ത്യ 16:1,2 ) അങ്ങനെ അവർ കൂടിവന്നപ്പോൾ എല്ലാവരും കർത്തൃമേശയിൽ പങ്കുകൊള്ളുകയും ചെയ്തു. ( 2:42 ). ഇതു നിഷേധിക്കുന്ന മതവിഭാഗങ്ങളും, അംഗങ്ങളും, എന്തു പറയുന്നു ? നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു പ്രകാരം

ഓരോ ആഴ്ചയുമാണു് കർത്തൃമേശ ആചരിക്കേണ്ടതു്. മാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ, പുരോഹിതൻ വരുന്ന സമയത്തോ അല്ല. എന്നു സ്പഷ്ടം.

“ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല, ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ടു്.” എന്നു വചനം ഉപദേശിക്കുന്നു. ആയതിനാൽ പ്രിയ സുഹൃത്തേ! അന്ധരായ നായകന്മാരെ, ഉപദേഷ്ടാക്കന്മാരെ പിന്തുടരുന്നതു് നിർത്തുകയും നമ്മെ രക്ഷിക്കുവാൻ കഴിവുള്ള ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കയും ചെയ്യുക. ( മത്തായി 7:25 ).

ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ച 33 വർഷക്കാലത്തിലൊരിക്കലും തന്റെ ജനനദിവസം ആചരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പിന്നെ നാം എന്തിനു് അതിനെ പിന്തുടരുന്നു?

ക്രിസ്തു ജനിച്ച ദിവസം ഏതെന്നു ദൈവം എന്തുകൊണ്ടു തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയില്ല? ദൈവം ജ്ഞാനിയും ബുദ്ധിമാനുമാണു്! ദൈവം മുൻപുതന്നെ നിലനില്ക്കുന്നവനാണു് അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ ജനനദിവസമായി ക്രിസ്തുമസ്സ് ഏപ്രകാരം ആഘോഷിക്കും?

തന്റെ പുത്രന്റെ ജന്മദിവസം മറന്നുപോയ ദൈവത്തെ മനുഷ്യരായ നാം അതു് ഓർമ്മപ്പെടുത്തുവാൻ ശ്രമിക്കയാണോ?
ഓർമ്മിക്കുക— ഈ ലോകത്തിൽ ആചരിക്കുന്നതിനും, നാം ഒരു ദിവസം രേഖപ്പെടുത്തുന്നതിനുമായി ക്രിസ്തുവിന്റെ ജീവിതം ഭൂമിയിലല്ല ആരംഭിച്ചതു!

പക്ഷെ....... ക്രിസ്തുവിന്റെ ഓർമ്മക്കായി കർത്തൃമേശ നാം കൈക്കൊള്ളുമ്പോഴും നാം ദൈവത്തെ അനുസരിക്കുന്നവരായിത്തീരുന്നു.......... ക്രിസ്തുവിന്റെ ഓർമ്മക്കായി നാം ചെയ്യേണ്ടതു് ഇതുമാത്രമാണു്.......... യേശുക്രിസ്തു നല്കിയ കല്പന ഇന്നും ശക്തിയായി നിലനില്ക്കുന്നു- ‘നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും,, യോഹന്നാൻ 14;15.

# പരിശുദ്ധാത്മാവ് എനിക്കും ലഭിക്കുമോ?

**ഡൗൻ മക്‌വേ**

ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച അനേകം സംശയങ്ങൾ ഇന്ന് പലരുടെയും മുമ്പിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. അതിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ്, പരിശുദ്ധാത്മാവിനെപ്പറ്റിയും ഈ ലോകത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെ സംബന്ധിച്ചും.

എല്ലാ വിഭാഗങ്ങളിലും പല തരത്തിലുള്ള, വ്യത്യസ്തങ്ങളായ ആശയങ്ങൾ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു നിലവിലുള്ളതായി കാണാം. പക്ഷെ തിരുവചനം എന്താണ് ഇതിനെ പറ്റി പറയുന്നത്?

പിതാവിനെയും പുത്രനെയും പോലെ പരിശുദ്ധാത്മാവും ദൈവം എന്ന് വചനം പറയുന്നു. ഈ വചനങ്ങൾ വായിക്കുക,
2 കൊരിന്ത്യർ 13:14, മത്തായി 28: 18-20, ഉല്പത്തി 1:2

പിതാവും പുത്രനായ ക്രിസ്തുവും ത്രിത്വത്തിൽ അംശമായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവും ദൈവത്വത്തിലെ ഒരു ഭാഗമാണ്. അപ്പോസ്തല പ്രവർത്തി 5:3-4 വരെ വായിക്കുമ്പോൾ പരിശുദ്ധാത്മാവിനെ ദൈവമായി സംബോധന ചെയ്യുന്നതായി കാണാം. മനുഷ്യന്റെ മനസ്സിൽ ദൈവത്തിന്റെ ആഴമേറിയ വസ്തുതകൾ മനസ്സിലാക്കുവാൻ പ്രയാസമാണ്. ആയതിനാൽ വചനം പരിശുദ്ധാത്മാവിനെ ദൈവമെന്ന് വിളിക്കുമ്പോൾ നാം അതു അംഗീകരിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധാത്മാവു എന്തു പ്രവർത്തിയാണ് ചെയ്യുന്നത്?
പരിശുദ്ധാത്മാവ് എനിക്കും കിട്ടുമോ ?
പ്രധാനമായും മൂന്നു സംഗതികൾ ഇതിനെ സംബന്ധിച്ചു നമുക്കു ചിന്തിക്കാം.

(1) യോഹന്നാൻ 14-ാം അദ്ധ്യായം 16-ാം വാക്യത്തിൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം ഭൂമിയിലേക്കു വരുന്ന പരിശുദ്ധാത്മാവിന്റെ ഉദ്ദേശത്തെ കുറിച്ചു വ്യക്തമാക്കിയിരിക്കുന്നു. ദയവായി ഈ ഭാഗങ്ങൾ വായിക്കുക യോഹന്നാൻ 14: 16-17, 26 യോഹന്നാൻ 15: 26-27, 16; 7-15

ഈ ഭാഗങ്ങളിൽ നിന്നും പരിശുദ്ധാത്മാവിനു പലതരം ഉത്തരവാദിത്വങ്ങൾ ഉള്ളതായി കാണുന്നു........

a. നമ്മെ സഹായിക്കുന്ന കാര്യസ്ഥൻ - (യോഹന്നാൻ 14:16)
b. ഉപദേശിക്കുന്നവൻ (യോഹന്നാൻ 14: 26)
c. ക്രിസ്തുവിനെ സാക്ഷിക്കുന്നവൻ (യോഹന്നാൻ 15:26)
d. ലോകത്തെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നു, യോഹന്നാൻ 16:7-11)
e. സകല സത്യത്തിലും വഴി നടത്തുന്നവൻ (യോഹ 1 ' 3:
f. ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നവൻ (യോഹന്നാൻ16:14)

യേശുക്രിസ്തു ഈ ഭൂമി വിട്ടു സ്വർഗ്ഗാരോഹണം ചെയ്തതിനു ശേഷം ( പ്രവർത്തികൾ 1:4-9) പരിശുദ്ധാത്മാവു ഈ ഭൂമിയിലേക്കു വന്നു അപ്പോസ്തലന്മാരെയും ആദിമ സഭയെയും ദൈവത്തിന്റെ സത്യങ്ങളെക്കുറിച്ചു വെളിപ്പെടുത്തേണ്ടതു ആവശ്യമായിരുന്നു..........അങ്ങനെ ക്രിസ്തു അവരെ ഉപദേശിച്ചതു് പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിച്ചു. (യോഹന്നാൻ 16: 13, 14:26).

ഈ പരിശുദ്ധാത്മാവു പഴയ നിയമകാലത്തിൽ പ്രവാചകന്മാരെയും പഴയ നിയമ എഴുത്തുകാരെയും നിയന്ത്രിച്ചിരുന്നു (2പത്രോസ് 1: 21). ദൈവികമായ വെളിപ്പാടിനാലും പരിശുദ്ധാത്മനിയോഗത്താലും നല്കപ്പെട്ടിട്ടുള്ളതും, എഴുതപ്പെട്ടിട്ടുള്ളതുമാണു പുതിയ നിയമവും 2 തിമോ 3: 16-17, 1 കൊരിന്ത്യർ 2: 13........ എന്നീ ഭാഗങ്ങൾ വായിക്കുക.

തിരുവചനം പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ്. ദൈവികസത്യവും ദൈവം നമ്മെക്കുറിച്ച് എന്തഗ്രഹിക്കുന്നു എന്നും പരിശുദ്ധാത്മാവു വചനം മുഖാന്തരം നമ്മെ അറിയിച്ചിരിക്കുന്നു. ക്രിസ്തുവിനെക്കുറിച്ചും ദൈവത്തെക്കുറിച്ചും പൂർണ്ണമായി വചനം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ക്രിസ്തു നമുക്ക് ചെയ്യാം എന്നു വാഗ്ദാനം ചെയ്തിരുന്നതു പരിശുദ്ധാത്മാവ് വചനം നമുക്കു നല്കുക വഴി പൂർണ്ണമായി പാലിച്ചിരിക്കുന്നു.

(2) ഈ ലോകത്തിലേക്കു ദൈവം തന്റെ ആത്മാവിനെ അയക്കുന്ന ഒരു വലിയ ദിവസത്തെക്കുറിച്ചു പഴയനിയമ പ്രവാചകനായ യോവേൽ രേഖപ്പെടുത്തി. (യോവേൽ 2: 28-32).

യേശുക്രിസ്തു പിതാവിന്റെ അടുക്കലേക്കു മടങ്ങുന്നതിന് മുൻമ്പു ദൈവ വാഗ്ദാനം നിവർത്തി ക്കേണ്ടതിനു നിങ്ങൾ യെരുശലേമിൽ കാത്തിരിക്കണമെന്നു അപ്പോസ്തലന്മാരെ അറിയിച്ച (പ്രവർത്തികൾ 1:4.5) അപ്പോസ്തല പ്രവർത്തികൾ2-ം അദ്ധ്യായ

ത്തിൽ ശക്തിയോടും മഹത്വത്തോടും ദൈവം തന്റെ ആത്മാവിനെ അയക്കുന്നതായി നാം വായിക്കുന്നു. ( പ്രവർത്തികൾ 2: 1-4 ). പത്രോസും മററു ശിഷ്യന്മാരും അവിടെ ആ ദിവസം തടിച്ചുകൂടിയ ജനത്തോടു സംഭവിച്ചതു എന്താണ് എന്നു വിശദീകരിക്കുമ്പോൾ ....അതു യോവേൽ പ്രവാചകൻ അരുളിച്ചെയ്തതാണ് എന്നു സൂചിപ്പിക്കുന്നു. ദൈവം തന്റെ ആത്മാവിനെ ഭൂമിയിലേക്കു നല്കി.

പല വർഷങ്ങൾക്കുശേഷം....ദൈവം യഹൂദരെപ്പോലെ ജാതികളേയും തന്റെ രാജ്യത്തിലേക്കു കൈക്കൊള്ളുന്നതിനെ സംബന്ധിച്ച ദർശനത്തിന്റെ സാഹചര്യത്തിൽ....പത്രോസ് അപ്പോസ്തല പ്രവർത്തികൾ 2-ാം അദ്ധ്യായത്തെ ഉദ്ധരിച്ചുകൊണ്ടു ദൈവം പരിശുദ്ധാത്മാവിനെ നല്കിയതു് എല്ലാവർക്കും വേണ്ടിയാണ് എന്നു ഓർമ്മിപ്പിക്കുന്നു. ( പ്രവർത്തികൾ (10: 1-48 ) ...പെന്തെക്കോസ്ത നാളിലെ സുവിശേഷ പ്രസംഗത്തിൽ മാനസാന്തരപ്പെടുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്ന ഏവർക്കും ദൈവം പരിശുദ്ധാത്മാവെന്ന ദാനം നല്കും എന്ന് പൗലോസ് സൂചിപ്പിച്ചു. (അപ്പോസ്തല പ്രവർത്തികൾ 2:37-39).

ആയതിനാൽ നമുക്കെല്ലാവർക്കും പരിശുദ്ധാത്മ ശക്തി ദൈവവുമായി കൂട്ടായ്മയിൽ ആയിത്തീരുവാൻ സാധിക്കും. ദയവായി റോമർ 8:9,-14 :11 തീമോഥെയോസ് 1 തെസ്സലൊനീക്യർ 4:8, പ്രവർത്തികൾ 5: 32 എന്നീ ഭാഗങ്ങൾ വായിക്കുക,
പരിശുദ്ധാത്മാവു് എന്ന ദാനം ക്രിസ്ത്യാനിയ്ക്ക് ദൈവം നല്കുന്നു. നമുക്കു എപ്രകാരമാണ് ഈ ദാനം ലഭിക്കുന്നതു് ?

ദൈവ വചനമെന്ന വിശ്വാസത്തിന്റെ പ്രസംഗത്താൽ ഈ ദാനം ഏവർക്കും ലഭിക്കുന്നു എന്നു് ഗലാത്യർ 3:1-5 വരെയുള്ള ഭാഗങ്ങളിൽ കാണുന്നു. ക്രിസ്തുവിലുള്ള ദാനം നാം പ്രാപിക്കും എന്നു യോഹന്നാൻ 7:37-39 വരെ കാണുന്നു. പ്രവർത്തികൾ 2: 38ലും 1കൊരിന്ത്യർ 12: 13- ലും സ്നാനം മുഖാന്തിരം ദൈവം പരിശുദ്ധാത്മാവിനെ നമുക്ക് ഉള്ളിൽ നിക്ഷേപിക്കുന്നതായി വായിക്കുന്നു ഈ വചനങ്ങൾ എല്ലാം സത്യമായിത്തീരുന്നു. നാം ക്രിസ്തുവിലേയ്ക്കു വന്നു വിശ്വാസത്താൽ അവനെ സ്വീകരിച്ചു സ്നാനത്താൽ അവനെ അനുസരിക്കുമ്പോൾ.... അങ്ങനെ നാം പരിശുദ്ധാത്മാവു ലഭിച്ചു.... ഈ ഭൂമിയിൽ ദൈവഹിതം ചെയ്യുന്നതിനായി....ദൈവ രാജ്യത്തിലെ അംഗങ്ങളായി തീരുന്നു. ( അപ്പോസ്തല പ്രവ 2:47 )

(3) പരിശുദ്ധാത്മാവു ക്രിസ്ത്യാനിയ്ക്കുവേണ്ടി എന്തു ചെയ്യുന്നു ?

ഉ. പരിശുദ്ധാത്മാവു ഒരു ക്രിസ്ത്യാനിയെ വിശുദ്ധീക

തീക്കുന്നു. ( 1 പത്രോസ് 1:1-2 ) ദൈവത്തെപ്പോലെ വിശുദ്ധീകരണത്തോടും നിർമ്മലതയോടും ജീവിക്കുന്നതിന് പരിശുദ്ധാത്മാവ് ഒരു ക്രിസ്ത്യാനിയെ സഹായിക്കുന്നു.

b. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് ( 1 കൊരി 6:19-20 ) നമ്മെ വിശുദ്ധതയോടെ നയിക്കുന്നു.

c. ആത്മീയ പോരാട്ടത്തിനായി നമ്മെ ശക്തരാക്കുന്നു. (റോമർ 8:13, ഫിലിപ്പിയർ 2:12-13 ).

d. ബലഹീനതകളിൽ നമ്മെ സഹായിക്കുന്നു. ( റോമർ8:26-27 )

e. നമ്മെ രക്ഷിക്കുന്നതിന്റെയും തുടർച്ചയായി നമ്മെ സഹായിക്കുന്നതിന്റെയും മുദ്രയായി ആത്മാവിനെ നമുക്കായി നല്കിയിരിക്കുന്നു ദൈവം. എഫേസ്യർ 1:13-14, 4:30, 2കൊരിന്ത്യർ 1:12, 2കൊരി 5:5 എന്നീ ഭാഗങ്ങൾ വായിക്കുക.

ക്രിസ്ത്യാനിയിൽ ദൈവം വസിക്കുന്നു എന്നതാണ് പരിശുദ്ധാത്മാവ് അവനിൽവസിക്കുന്നു എന്നതിന്റെ അർത്ഥം. ഈ സംഗതികളെല്ലാം എപ്രകാരം സംഭവിക്കുന്നു എന്ന് ഒരുപക്ഷേ നമുക്ക് അജ്ഞാതമായിരിക്കാം, കാരണം തിരുവചനം എല്ലാം വ്യക്തമായി വിവരിക്കുന്നില്ല........പക്ഷേ ഒരു കാര്യം സത്യമാണ്.... പരിശുദ്ധാത്മാവ് നമ്മിൽവസിക്കുന്നു.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ ഉണ്ട് എന്ന് എപ്രകാരം മനസ്സിലാക്കാം ? വ്യത്യസ്തമായ എന്തെങ്കിലും വികാരം പുറപ്പെടുമോ ? ക്രിസ്ത്യാനിയിൽ പരിശുദ്ധാത്മാവു വസിക്കുന്നു എന്ന് എപ്രകാരം മനസ്സിലാക്കാം എന്ന് തിരുവചനം പറയുന്നു–

1. ക്രിസ്തുവിലും, അവൻ അരുളിച്ചെയ്ത വസ്തുതകളിന്മേലും ഉള്ള വിശ്വാസത്താൽ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്ന് മനസ്സിലാക്കാം. ഗലാത്യർ 3:2,3,5,14 യോഹന്നാൻ 1:37-39, 1 കൊരിന്ത്യർ 12:3.

2. പാപമോചനത്തിനായി ജലത്തിലൂടെ സ്നാന മേല്ക്കുന്നതിനാൽ നമ്മിൽ പരിശുദ്ധാത്മാവാകുന്ന ദാനം ലഭിച്ചിരിക്കുന്നു എന്നറിയാം. അപ്പോസ്തല പ്രവർത്തികൾ 2:38, 1 കൊരി 12:13, തീത്തോസ് 3:5-6.

3. ദൈവസ്നേഹത്തെ പററിയുള്ള പരിജ്ഞാനത്താലും, അറിവിനാലും പരിശുദ്ധാത്മസാന്നിദ്ധ്യം നമുക്ക് അനുഭവിക്കാം റോമർ 5:5.

4. ദൈവത്തെ അനുസരിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ വാസം ചെയ്യുന്നു. പ്രവർത്തികൾ 5:32.

5. പാപത്തിനെതിരായുള്ള നമ്മുടെ പോരാട്ടത്താലും വിശുദ്ധിയിൽ ജീവിക്കണമെന്ന നമ്മുടെ ആഗ്രഹവും........പരിശുദ്ധാത്മാവിന്റെ ശക്തിയും സഹായവും നമ്മിലുണ്ടെന്ന് സാക്ഷ്യം വഹിക്കുന്നു. റോമർ 8:13-14, 11 കൊരിന്ത്യർ 6:19-20, റോമർ 8:5-9

6. ആത്മാവിന്റെ ഫലങ്ങൾ നമ്മുടെ ജീവിതത്തിൽ അനുഭവപ്പെടുന്നതിനാൽ നമ്മിൽ പരിശുദ്ധാത്മാവ് വസിക്കുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. ഗലാത്യർ 5:22-23

പ്രിയ സ്നേഹിതരെ. പരിശുദ്ധാത്മാവ് ഒരു പ്രത്യേക തരം വികാരമോ, തോന്നലോ ആണെന്ന് തെറ്റിദ്ധരിക്കരുതെന്ന് ഞാനാഗ്രഹിക്കുന്നു. തിരുവചനം മാത്രമാകട്ടെ നമ്മെ നയിക്കുന്നത്. അതിന്റെ വെളിച്ചത്തിൽ പരിശുദ്ധാത്മാവിൽ കൂടി ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾ മനസ്സിലാക്കുവാൻ കഴിയട്ടെ.

ഇതുമായി ബന്ധപ്പെട്ട പ്രധാനമായ രണ്ട് സംശയങ്ങൾ കൂടി നമുക്ക് ചിന്തിക്കാം

ഒന്നാമതായി 'പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക' എന്നാൽ എന്ത് ?

തിരുവചനത്തിൽ ഇടയ്ക്കിടയ്ക്ക് ഈ പ്രയോഗം അത്ഭുതകരമായ ആത്മ സാന്നിദ്ധ്യത്തെക്കുറിച്ച് വിവരിക്കുന്നതിനായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. മറ്റു സമയങ്ങളിൽ അങ്ങനെ അല്ലാതെയും. ദയവായി ഈ വേദ ഭാഗങ്ങൾ വായിക്കുക. പുറപ്പാട് 31:3 5:31, ലൂക്കോസ് 1:41,67 പ്രവർത്തികൾ 2:4, 4:8,31, 9:17, എഫേസ്യർ 5:18 യോഹന്നാൻ 10:41-ം ലൂക്കോസ് 1:17-ം താരതമ്യപ്പെടുത്തി വായിക്കുക.

ജനനം മുതൽ യോഹന്നാൻ സ്നാപകൻ ആത്മാവ് നിറഞ്ഞവനായിരുന്നു. ( ലൂക്കോസ് 1:17 ) പക്ഷേ അദ്ദേഹം ഒരു അത്ഭുതവും ചെയ്തിരുന്നില്ല. ( യോഹന്നാൻ 10:41 ). ആയതിനാൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാൽ എപ്പോഴും അത്ഭുതകരമായ ഒരു സംഭവത്തിന് വേണ്ടി എന്ന് പറയുവാൻ കഴിയില്ല.

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാൽ ദൈവത്തിനാൽ നിയന്ത്രിക്കപ്പെടുക എന്നതാണ് ( റോമർ 8:5 ). കൂടാതെ

എഫേസ്യർ 5:18-21വരെയുള്ള ഭാഗങ്ങളിൽ ഒരുവൻ ആത്മാവി നാൽ നിറയപ്പെട്ടുകഴിഞ്ഞാൽ ആ വ്യക്തി ദൈവസ്തുതികളാലും, നന്ദിയാലും, താഴ്മയാലും നിറയപ്പെടുന്നു എന്നു കാണുന്നു.

രണ്ടാമതായി,

അന്യ ഭാഷകളിൽ സംസാരിക്കുക, രോഗികളെ സൗഖ്യമാക്കുക എന്നാൽ എന്താണ് എന്ന് പലരും സംശയിക്കാറുണ്ട്.

ഇന്ന് പലരും അത്ഭുതമെന്ന് വിശേഷിപ്പിക്കുന്നവ ഒന്നും തിരുവചനത്തിൽ നാം വായിക്കുന്ന തരത്തിലുള്ളതല്ല എന്നു കാണാം സുവിശേഷത്തെ ഉറപ്പിക്കുന്നതിനും, വചനം ദൈവത്തിൽ നിന്ന് ആണ് എന്ന് തെളിയിക്കുന്നതിനുമായിരുന്നു അത്ഭുതങ്ങൾ നട ന്നിരുന്നത്. ഉദയവായി 11 കൊരിന്ത്യർ 12:8-10, മർക്കോസ് 16:15 -18, എബ്രായർ 2:3-4, യോഹന്നാൻ 20:30-31 എന്നീഭാഗങ്ങൾ വാ യിക്കുക. അപ്പോസ്തലന്മാർ ഈ അത്ഭുത പ്രവർത്തികളിൽ കാര്യമായ പങ്കു വഹിച്ചിരുന്നു. (അപ്പോ: പ്രവർത്തി 2:42-43, 4:33 5:12, 6:5-6, 6:5;) അത്ഭുതം ചെയ്യുന്നതിന് ഒരു വ്യക്തിയുടെ മേൽ അപ്പോസ്തലന്മാർ കൈവയ്ക്കേണ്ടത് ആവശ്യമായിരുന്നു എന്ന് പ്രവർത്തികൾ8:14-18 വരെയുള്ള ഭാഗങ്ങളിൽ കാണുന്നു. ഇ ന്ന് അപ്പോസ്തലന്മാർ നിലവിലില്ലാത്തതിനാൽ, ജീവിച്ചിരിക്കു ന്നില്ല എന്നതിനാൽ അത്ഭുതങ്ങളും ഉണ്ടാകുവാൻ തരമില്ല. സഭ പൂർണ്ണതയിലെത്തുന്ന കാലംവരെ മാത്രമേ അത്ഭുതങ്ങൾ ഉണ്ടായി രിക്കുകയുള്ളു എന്നു 1 കൊരിന്ത്യർ 13:8–10, എഫേസ്യർ 4:8-15 വരെയുള്ള ഭാഗങ്ങളിൽ കാണുന്നു.

ദൈവം തന്റെ വചനം പൂർണ്ണമായും വെളിപ്പെടുത്തി കഴി ഞ്ഞതിനാൽ അത്ഭുതങ്ങൾ മുഖാന്തിരം അത് ഇനി ഉറപ്പിക്കേണ്ട കാര്യവുമില്ല. ( 11 പത്രോസ് 1:3, യൂദാ.3 ).

നമ്മുടെ വിശ്വാസം ഒരിക്കലും കാഴ്ചയാൽ ആയിരിക്കരുത് വിശ്വാസത്താലാണ് നാം നടക്കേണ്ടത് ( 11 കൊരിന്ത്യർ 5:7 ) അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കുമായി നാം ഇന്നു നോക്കിയിരി ക്കുന്നുവെങ്കിൽ നാം പിശാചിനാൽ വഞ്ചിക്കപ്പെടും (മത്തായി 24: 24, 11 തെസ്സലൊനിക്യർ 2: 9-12). ക്രിസ്തു അടയാളങ്ങൾ അ ന്വേഷിക്കുന്നതിനെ പിന്തിരിപ്പിച്ചിരുന്നു. (മർക്കോസ് 8: 11-12) ദൈവ വചനത്തിലുള്ള സത്യമാണ് നാം അന്വേഷിക്കേണ്ടതു്

ഈ ലോകത്തിൽ പരിശുദ്ധാത്മാവു് യാതൊരു അത്ഭുതങ്ങ ളും നിർവ്വഹിക്കുന്നില്ല എന്നാണോ ഇതു് അർത്ഥമാക്കുന്നതു്? ഒരി ക്കലുമല്ല. പരിശുദ്ധാത്മാവു് വളരെ ശക്തമായി തന്നെ പ്രവർ ത്തിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവർത്തനത്തിൽ നിങ്ങൾക്കും ഒരു പ ങ്കാളിയായിത്തീരാം.

അന്ധകാര ശക്തികളെ ഭയപ്പെടേണ്ട ആവശ്യമില്ല. പരിശുദ്ധാത്മാവിൽ കൂടി ദൈവ ശക്തി നമ്മോടൊപ്പം ഉണ്ട്. നിങ്ങൾക്ക് ഒരു ക്രിസ്ത്യാനിയാകുന്നതിനും, ദൈവ വഴി പിന്തുടരുന്നതിനും സാധിക്കും.

'പരിശുദ്ധാത്മാവ് എനിക്കും ലഭിക്കുമോ?' എന്ന ചോദ്യത്തോടു കൂടിയാണ് നാം ഈ ലേഖനം ആരംഭിച്ചത്. തീർച്ചയായും ദൈവ വഴി സ്വീകരിക്കുന്ന ഏവർക്കും പരിശുദ്ധാത്മാവ് ലഭിക്കും.

നിങ്ങളും വിശ്വാസത്തോടുകൂടി.......ക്രിസ്തുവിലേയ്ക്കു കടന്നുവരുമെന്നു വിശ്വസിക്കുന്നു.

---

# 'പരിശുദ്ധാത്മ അഭിഷേകം'

**ബെൻ. എഫ്. വിക്ക്**

പല മതവിഭാഗങ്ങളിലും സഭകളിലും പരിശുദ്ധാത്മാവിന്റെ അഭിഷേകം ഇന്നും നടക്കുന്നതായി ഉപദേശിക്കുന്നു. ഈ തെറ്റായ ഉപദേശം പലരെയും ചിന്താക്കുഴപ്പത്തിലേയ്ക്കു നയിക്കുന്നു.

മത്തായിയുടെ സുവിശേഷം 3:11-ൽ യോഹന്നാൻ സ്നാപകൻ ഇപ്രകാരം പറഞ്ഞു "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളൂ. എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു. അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും."

ഈ വാക്യത്തിൽ രണ്ടല്ല, മൂന്നു സ്നാനത്തെപ്പറ്റി പറയുന്നു. ഒന്നാമത് യോഹന്നാന്റെ സ്നാനം....അതായത്, മാനസാന്തരത്തിനായി വെള്ളത്തിൽ.......അത് ദൈവരാജ്യത്തിലേയ്ക്കുള്ള പ്രവേശനത്തിന്റെ ആരംഭം. അന്നത്തെക്കാലത്തെ യഹൂദന്മാരെ ഉദ്ദേശിച്ചു മാത്രമുള്ളതായിരുന്നു അത്. (അപ്പോസ്തലപ്രവർത്തി 19:1-5) പില്ക്കാലത്ത് അതിന് പ്രസക്തിയില്ല. രണ്ടാമത്- പരിശുദ്ധാത്മാവിനാലുള്ള സ്നാനം. അപ്പോസ്തലർ എന്ന ചെറിയ വിഭാഗത്തിന് മാത്രം വാഗ്ദാനം നല്കി. (പിന്നീട് വിവരിക്കാം മൂന്നാമതായി- തീയാലുള്ള സ്നാനം. (മത്തായി 3:12)

ഈ സന്ദർഭത്തിൽ പരീശന്മാർ, സദൂക്യർ, ശിഷ്യർ തുടങ്ങി പലതരത്തിലുള്ള ജനസമൂഹത്തോടാണ് യോഹന്നാൻ സ്നാപകൻ സംസാരിക്കുന്നത്. യോഹന്നാൻ ഉദ്ധരിച്ച 3 സ്നാനം എല്ലാവരെയും ബാധിക്കുന്നതല്ല. പരീശന്മാർ- " സ്നാനം ഏല്ക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാക്കിക്കളഞ്ഞു. " ലൂക്കോസ് 7:30.

പരിശുദ്ധാത്മ അഭിഷേകത്തിന്റെ വാഗ്ദാനം എല്ലാവർക്കും വേണ്ടിയുള്ളതല്ല. ( അപ്പോ: പ്രവർത്തികൾ 1:1-5, 8:12-19 ) തീയാലുള്ള സ്നാനം ആ സമൂഹത്തിൽ എല്ലാ വ്യക്തിയും അനുഭവിക്കുകയില്ല....കാരണം....ഗോതമ്പുമണി കതിരിൽ നിന്ന് വേർതിരിക്കപ്പെടും. ( മത്തായി 3:12 ).

സ്വർഗ്ഗാരോഹണത്തിനു മുൻപ് ക്രിസ്തു ഇപ്രകാരം ശിഷ്യന്മാരോട് അരുളിച്ചെയ്തു- " ........ നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം; യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും എന്നു കല്പിച്ചു. " ( അപ്പോ: പ്രവർ 1:4-5 ).

യോഹന്നാന്റെ പ്രസംഗവേളയിൽ......" ക്രിസ്തു നിങ്ങളെ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം കഴിപ്പിക്കും".......എന്ന് തന്റെ പ്രസംഗം കേട്ട ചിലരെക്കുറിച്ച് പറഞ്ഞത് പ്രസ്താവ്യമാണ്.

ക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിന് മുൻപ്...ശിഷ്യന്മാരോട് ആ വാഗ്ദാനം ആവർത്തിക്കുകയും " ഏറെനാൾ കഴിയും മുമ്പേ ,, എന്നു കൂടി കൂട്ടിച്ചേർക്കുകയും ചെയ്തു.

അപ്പോസ്തല പ്രവർത്തികൾ ഒന്നാം അദ്ധ്യായം ഒന്നുമുതൽ പതിമൂന്നുവരെയുള്ള വാക്യങ്ങളിൽ ക്രിസ്തു തന്റെ ശിഷ്യന്മാരോടാണ് സംസാരിക്കുന്നത് എന്ന് വ്യക്തമാണ്.

ഒന്നാം അദ്ധ്യായം 5-ാം വാക്യത്തിൽ " നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും " ( അപ്പോ: 1:5 ) എന്നു ഉദ്ധരിക്കുന്നിടത്ത് " നിങ്ങൾ " എന്ന പ്രയോഗം അപ്പോസ്തലന്മാരെ സംബോധന ചെയ്തുകൊണ്ടുള്ളതാണ് എന്ന് തെളിയുന്നു. ( അപ്പോ: 1:2 ).

പിതാവിന്റെ വാഗ്ദാനം അഥവ പരിശുദ്ധാത്മ അഭിഷേകം അപ്പോസ്തലന്മാർക്കു നല്കിയത് ചില പ്രത്യേക ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. " എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നി

ങ്ങൾക്ക് സകലവും ഉപദേശിച്ചു തരുകയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. '' എന്ന് ക്രിസ്തു തന്റെ അപ്പോസ്തലന്മാരോട് പറഞ്ഞു. ( യോഹന്നാൻ 14:26-ം കൂടാതെ 15:26, 16:13 ). ആയതിനാൽ പരിശുദ്ധാത്മ അഭിഷേകം അപ്പോസ്തലന്മാർക്ക് സകല സത്യവും വെളിപ്പെടുത്തുന്നതിനും, ക്രിസ്തുവിന്റെ പ്രവർത്തന കാലത്ത് ഉപദേശിച്ചിട്ടുള്ള കാര്യങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതിനും, വചനത്തെ ഉറപ്പിക്കുന്നതിനും, ( മർക്കോസ് 16:17-20 ) വിശ്വാസികൾക്കു് ആത്മീയ വരങ്ങൾ നല്കുന്നതിനുമായിരുന്നു. ( അപ്പോസ്തല പ്രവർത്തികൾ 8:12-24 ).

തന്റെ ശിഷ്യന്മാരോട് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കുന്നതിനം നിങ്ങൾ യെരുശലേമിൽ കാത്തിരിക്കേണം എന്ന് അരുളിച്ചെയ്തു.... പത്തു ദിവസത്തിനു ശേഷം........................പരിശുദ്ധാത്മാഭിഷേകം നടന്നു................'' പെന്തെക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും (അതായതു് പ്രവൃ 11:26 പ്രകാരം അപ്പോസ്തലന്മാർ) ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാററടിക്കുന്നതു പോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു, എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു് അവർക്ക് ഉച്ചരിപ്പാൻ നല്കിയതു പോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി. ' (അപ്പോസ്തല പ്രവർത്തികൾ 2:1-4).

പരിശുദ്ധാത്മ അഭിഷേകത്തെ പററി കൊർണേലിയസിന്റെ ഭവനത്തിൽ നടന്ന മറെറാരു സംഭവം കൂടി പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. (പ്രവർത്തികൾ 10; 11).

പത്രൊസ് എന്താണ് അവിടെ സംഭവിച്ചതെന്ന് മററ് അപ്പോസ്തലന്മാരോടു് ക്രമത്തിൽ വിവരിക്കുന്നു........... '' ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു് പരിശുദ്ധാത്മാവു് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെമേലും വന്നു. അപ്പോൾ ഞാൻ- യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ടു് സ്നാനം ലഭിക്കും എന്നു കർത്താവു് പറഞ്ഞ വാക്കു് ഓർത്തു. ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു് തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ ? (പ്രവർത്തികൾ 11; 15-17).

പരിശുദ്ധാത്മാഭിഷേകം അപ്പോസ്തലന്മാരെകൂടാതെ എല്ലാവർക്കും കിട്ടികൊണ്ടിരിക്കുന്ന നിരന്തരമായ ഒരനുഭവമാണ് എങ്കിൽ

പത്രോസ് വളരെ അടുത്ത കാലത്തു് നടന്ന മറ്റൊരു സംഭവത്തെ പറ്റി ഉദ്ധരിക്കാതെ എട്ടു, പത്തു വർഷങ്ങൾക്കു മുൻപു പെന്തെക്കോസ്തുനാളിൽ നടന്ന സംഭവത്തെ എന്തുകൊണ്ടാണ് ഉദ്ധരിക്കുന്നത്? എന്തുകൊണ്ടെന്നാൽ പെന്തെക്കോസ്തു നാളിൽ നടന്ന ആ അഭിഷേകത്തിനു പുറമെ, മറ്റൊന്നും അന്നുവരെ നടന്നിട്ടില്ലായിരുന്നു- എന്നുള്ളതുതന്നെ (പ്രവർത്തികം 2).

ചില വിശ്വാസികൾ-കൊർണേലിയസിന്റെ ഭവനത്തിൽ സംഭവിച്ച പരിശുദ്ധാത്മ അഭിഷേകത്തെ അപ്പോസ്തലന്മാർക്കു് (പ്രവർത്തി 2) ലഭിച്ച അനുഭവവുമായി വളരെ വ്യത്യാസമുള്ളതാണ് എന്നു വാദിക്കുന്നു. ഏകദേശം ഒരു പോലെയാണ് പുറമെ തോന്നിയതു് എങ്കിലും....നടന്ന സംഭവങ്ങൾ രണ്ടും വ്യത്യസ്തമാണെന്നു് അവർ വാദിക്കുന്നു.

പക്ഷെ പ്രവർത്തികം 11-ാം അദ്ധ്യായം 17—ാം വാക്യത്തിൽ ഉപയോഗിച്ചിട്ടുള്ള.... " നമുക്കു തന്നതു 'പോലെ, " എന്ന പ്രയോഗം മൂല ഭാഷയിലെ വിവർത്തനത്തിൽ .......രണ്ടു സംഭവങ്ങളും ഒരേ രീതിയിലാണ് എന്ന് വ്യക്തമാക്കുന്നരീതിയിലാണ്.......ലഭിച്ച ദാനം ഞങ്ങളുടെ അളവും, ഗുണവും, രൂപവും.........എല്ലാം ഒന്നുതന്നെ എന്നു് വ്യക്തമാക്കുന്ന പ്രയോഗമാണ് മൂല ഭാഷയിൽ കാണുന്നതു്.

കൊർണേല്യോസിനും ഭവനത്തിലുള്ളവർക്കും പരിശുദ്ധാത്മാഭിഷേകം ലഭിക്കുകയും അപ്പോസ്തലന്മാർക്കു് ലഭിച്ചതു പോലെ തന്നെ ഇവർക്കും ലഭിച്ചു എന്നു പത്രോസിന്റെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ " കൊർണേല്യോസിനും ഭവനക്കാർക്കും അപ്പോസ്തലന്മാരെ പ്പോലെ ആത്മീയ വരങ്ങൾ മറ്റുള്ളവർക്കു പകരുവാൻ കഴിവുണ്ടോ ? " എന്നു് ചോദിക്കുന്ന വരുണ്ടു്........

പക്ഷേ തിരുവചനത്തിൽ അങ്ങനെ അവർ ചെയ്തതായി ഒരു വിവരണമോ, രേഖയോ നല്കിയിട്ടില്ല.

കൊർണേല്യോസിനും തന്റെ ഭവനത്തിലുള്ളവർക്കും അപ്പോസ്തലന്മാർക്ക് ലഭിച്ചതുപോലെയുള്ള ദാനങ്ങൾ തന്നെയാണ് ലഭിച്ചതു് എങ്കിലും ആ ദാനത്തിന്റെ ഉദ്ദേശങ്ങൾ വ്യത്യസ്തങ്ങളായിരുന്നു.... ഉദാഹരണമായി....ഒരു പിതാവു് ഒരു മകനു് ബാങ്കിൽ നിക്ഷേപിക്കുന്നതിനായി 160 രൂപ നല്കുകയും....മറ്റൊരു മകനു് സാധനങ്ങൾ വാങ്ങുന്നതിനായി 160 രൂപ നല്കുകയും ചെയ്യുമ്പോൾ....രണ്ടു മക്കൾക്കും ഒരു പോലെയുള്ള ദാനമല്ലേ പിതാവിൽ നിന്ന ലഭിക്കുന്നതു് ? പക്ഷേ രണ്ടു് ദാനത്തിന്റെയും ഉദ്ദേശം ഒന്നായിരുന്നോ ? അല്ല. !

അപ്പോസ്തലന്മാർക്കു് എന്തിനുവേണ്ടിയാണ് പരിശുദ്ധാത്മാഭിഷേകം ലഭിച്ചതു് എന്നു് നാം മുൻപുതന്നെ മനസ്സിലാക്കി പക്ഷേ കൊർണേലിയസിനും ഭവനക്കാർക്കും പരിശുദ്ധാത്മ സ്നാനം ലഭിച്ചതു്—ദൈവം പരിച്ഛേദനയേൽക്കാത്ത ജാതികളെയും സുവിശേഷത്തിലൂടെ യഹൂദരെ പോലെ സ്വീകരിക്കുന്നു എന്നു് തെളിയിക്കുന്നതിനു വേണ്ടിയാണ്!

ഇന്നു് ഒരു സ്നാനം മാത്രമേ നിലവിലുള്ളു...അതു ക്രിസ്തു തന്റെ മഹത്തായ ആജ്ഞയിൽ ഉദ്ധരിച്ചിട്ടുള്ള സ്നാനം മാത്രമാണ്....(എഫേസ്യർ 4: 5, മത്തായി 28; 18–20)

പരിശുദ്ധാത്മസ്നാനം ക്രിസ്തു നിറവേററിയ ഒരു വാഗ്ദാനമായിരുന്നു........പക്ഷേ മഹത്തായ ആജ്ഞയായ സ്നാനം....മനുഷ്യരാൽ നടത്തപ്പെടേണ്ടതും അനുസരിക്കേണ്ടതുമായ ഒരു കല്പനയാണ്!

---

## ** വാർത്തകൾ **

**ജൂത മതഗ്രന്ഥം :** ആട്ടിൻ തോലിൽ എഴുതിയ 'തോറ' എന്ന യഹൂദ മതഗ്രന്ഥം തൃപ്പൂണിത്തുറ പുരാവസ്തു മൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. മ്യൂസിയം അധികൃതർക്ക് കസ്റ്റംസിൽ നിന്നാണ് എബ്രായ ലിപിയിലുള്ള മോസസ് എഴുതിയ ഈ പുസ്തകം കിട്ടിയതെന്നു മ്യൂസിയം സൂപ്രണ്ടു് പറഞ്ഞു.

**ജീവിതം പുകച്ചുകളയുന്നു :** ശ്വാസകോശാർബുദ രോഗികൾ ഭീതിജനകമാം വിധം പെരുകുന്നു. ഇന്ത്യയിൽ ഏററവുമധികം പുകവലിക്കാർ കേരളത്തിലാണ്. സംസ്ഥാനത്തു പ്രതിവർഷം 23000 പേർക്ക് അർബുദം ബാധിക്കുന്നുവെന്നു മേഖലാ അർബുദ കേന്ദ്രത്തിന്റെ പഠനത്തിൽ കണ്ടെത്തിയതായി ഡയറക്ടർ ഡോ. എം. കൃഷ്ണൻ നായർ വെളിപ്പെടുത്തി.

**കന്യാസ്ത്രീ തടങ്കലിൽ മരിച്ചു :** പശ്ചിമ ജർമ്മനിയിലെ ഔഷ്‌വിക്സ് തടങ്കൽ പാളയത്തിൽ നാസികളുടെ മർദ്ദനമേററു യഹൂദ വംശജയായ എഡിററ്സ്റ്റെയിൻ എന്ന കന്യാസ്ത്രീ മരണമടയുകയുണ്ടായെന്നു മാർപാപ്പയുടെ ഒരു പ്രസ്താവനയിൽ പറയുന്നു.

# പരിശുദ്ധാത്മാവും ക്രിസ്ത്യാനിയും

ബൈബിൾ വിഷയങ്ങളിൽ വളരെയധികം വിവാദപരമായിട്ടുള്ള ഒന്നാണ് പരിശുദ്ധാത്മാവ്. ദുഃഖമെന്നു പറയട്ടെ, പല വരങ്ങളും തെറ്റായ രീതിയിലാണ് അവതരിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധാത്മാവ് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ എപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

എഫേസ്യയിലുള്ള ക്രിസ്ത്യാനികൾക്കു് എഴുതുമ്പോൾ പൗലോസ് പരിശുദ്ധാത്മാവ് എപ്രകാരം തന്റെ ജീവിതത്തിലും അവരുടെ ജീവിതത്തിലും പ്രവർത്തിക്കുന്നു എന്നു ചൂണ്ടിക്കാട്ടുന്നു.

1. പരിശുദ്ധാത്മാവ് നമ്മൾ സ്വീകരിക്കപ്പെട്ടതിന്റെ ഒരു മുദ്രയാണ് എന്ന് പൗലോസ് എഴുതുന്നു. "നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" എഫേസ്യർ 1:14

രാജവാഴ്ചയുടെ കാലത്ത് രാജാവിന്റെ അധികാരത്തിൽ കീഴിലുള്ള എല്ലാ വസ്തുക്കളിന്മേലും രേഖകളിന്മേലും രാജമുദ്ര പതിപ്പിക്കാറുണ്ടായിരുന്നു. അങ്ങനെ മുദ്രയിട്ടിരിക്കുന്ന വസ്തു....ആ മുദ്രയാൽ ഉടമസ്ഥന്റെ അവകാശത്തെ ഉറപ്പിക്കുന്നു. രാജാവിന്റെ മുദ്രയുള്ള വസ്തുക്കളും, രേഖകളും.... രാജാവിന്റെ സ്വന്തമെന്ന് എണ്ണുന്നു. അപ്രകാരം നമ്മൾ മുദ്രയിട്ടിരിക്കുന്നതിനാൽ (ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ) നാം ദൈവത്തിനുള്ളവർ എന്നു വരുന്നു.

അച്ചാരമെന്നത് ....നാം വാങ്ങുവാൻ തീരുമാനിച്ചിരിക്കുന്ന ഒരു ഉടമ്പടിമേൽ നാം ഉറപ്പിനായി കൊടുക്കുന്നതാണ്.... അച്ചാരം ഉടമ്പടിയെ ഉറപ്പിക്കുന്നു.

നമ്മുടെ രക്ഷയ്ക്കായി നാം ഒന്നും ദൈവത്തിന് കൊടുക്കേണ്ടതില്ല ....പക്ഷേ ദൈവം എല്ലാം നമുക്കായി നല്കിതരുന്നു....അച്ചാരമായി പരിശുദ്ധാത്മാവിനെയും. മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുന്ന ഏവർക്കും പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു. (പ്രവൃത്തികൾ 2:38).

ആത്മീയമായി തന്റെ മക്കളായി തീർന്നവർക്കു മാത്രമാണ് ദൈവം ഈ ദിവ്യമായ അച്ചാരം നല്കിയിരിക്കുന്നത്.

" നിങ്ങൾ മക്കൾ ആകകൊണ്ടു് അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. "

പഴയ നിയമ കാലത്ത് ദൈവത്തിന്റെ മഹിമ യരുശലേം ദേവാലയത്തിൽ പ്രത്യക്ഷമാകുമായിരുന്നു. ഇന്നു് ക്രിസ്ത്യാനിയുടെ ശരീരം പരിശുദ്ധാത്മാവ് വസിക്കുന്ന ആലയമായി തീർന്നിരിക്കുന്നു. ( 1. കൊരി 6:19 ).

2. പരിശുദ്ധാത്മാവ് ദൈവപൈതലിന് അനുഗ്രഹങ്ങൾ പങ്കുവെയ്ക്കുന്നു. അത്ഭുത വരങ്ങൾ ഇന്നു നിലവിലില്ല. കാരണം രണ്ടു വഴികളിൽ കൂടിയാണ് അവ ലഭിച്ചിരുന്നത്.

പരിശുദ്ധാത്മ സ്നാനത്താലും, അപ്പോസ്തലന്മാർ മറ്റുള്ളവരിലേയ്ക്ക് അവരുടെ കൈകളിൽ കൂടി പകർന്നതിനാലും പരിശുദ്ധാത്മാവ് അവരുടെ മേൽ ( അപ്പോസ്തലന്മാർ ) വന്നപ്പോൾ അവർക്ക് ശക്തി ലഭിച്ചു. ( പ്രവർത്തികൾ 1:8 )

അത്ഭുതകരമായ ദാനങ്ങൾ മറ്റുള്ളവർക്കു ലഭിക്കേണ്ടതിന്ന് അപ്പോസ്തലന്മാർ അവരുടെ മേൽ കൈവയ്ക്കേണ്ടത് ആവശ്യമായിരുന്നു. ( പ്രവർത്തികൾ 8.14-17 ). ഈ രണ്ടു മാർഗ്ഗങ്ങളും ഇന്നു നിലവിലില്ല. അപ്പോസ്തലന്മാരുടെ ഉപദേശത്തെ ഉറപ്പിക്കുന്നതിനുവേണ്ടിയാണ് അവ നല്കപ്പെട്ടിരുന്നത്. ( മർക്കോസ് 16:19-20 ). പുതിയ നിയമം വളരെ നാളുകൾക്കു മുൻപ് തന്നെ നല്കപ്പെടുകയും.........ഉറപ്പിക്കപ്പെടുകയും ചെയ്തു കഴിഞ്ഞതിനാൽ, പുതിയ അത്ഭുത വരങ്ങൾ ആവശ്യമില്ലാതായിരിക്കുന്നു. ആദിമ നൂറ്റാണ്ടിൽ നടന്ന അത്ഭുത വരങ്ങളുമായി,...ഇന്ന് അത്ഭുതങ്ങൾ എന്നവകാശപ്പെടുന്ന പ്രവർത്തികൾ താരതമ്യപ്പെടുത്തുമ്പോൾ ഇന്നത്തെ പരാജയം വ്യക്തമാണ്........

ജലത്തിന് മീതെ നടക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും, ജലത്തെ വീഞ്ഞാക്കുവാനും ആർക്കു ഇന്നു കഴിയുന്നു ?

മരണകരമായവ കുടിക്കുന്നതിനും, സർപ്പത്തെ പിടിച്ചെടുക്കുവാനും കഴിയുന്നവർ അർ ?

അത്ഭുതകരമല്ലാത്ത ദാനങ്ങളും പരിശുദ്ധാത്മാവ് നല്കുന്നു. ദൈവം പരിശുദ്ധാത്മ ശക്തിയാൽ നമ്മുടെ അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തുന്നു. ( എഫെസ്യർ 3:16 )

അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം

അറിയുന്നില്ലല്ലോ, ആത്മാവു തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. (റോമർ 8:26-27)

" ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു റോമർ 5:5 "

പരിശുദ്ധാത്മ നിയോഗത്താൽ എഴുതപ്പെട്ട വചനാനുസരണമാണ് ഈ ദാനങ്ങളും നമുക്കു പകർന്നു നല്കിയിരിക്കുന്നത്.

വചനം കൂടാതെ ആയിരുന്നുവെങ്കിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു് കേട്ടിട്ടില്ലാത്ത എഫെസ്യയിലെ വിശ്വാസികളെപ്പോലെ നാമും ആയിതീർന്നേനെ. പ്രവർത്തികൾ 19:2.

ദൈവ വചനം ആത്മാവിന്റെ വാളാണ്. എഫെസ്യർ 6:17 ഈ ആയുധമുപയോഗിച്ചാണ് ആത്മീയ പ്രവർത്തനങ്ങൾ നടക്കുന്നത്. പരിശുദ്ധാത്മാവിനാൽ നമ്മിൽ ഉൾനട്ടതായ വചനം നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ മതിയായതാണ്. യാക്കോബ് 1:21.

അപ്പോസ്തല പ്രവർത്തികളിൽ വിവരിച്ചിരിക്കുന്ന എല്ലാ മാനസാന്തര അനുഭവങ്ങളിലും വചനം കേൾക്കുകയും പഠിപ്പിക്കപ്പെടുകയും ചെയ്തതിനുശേഷം മാത്രമാണ് അവർ രക്ഷയിലേയ്ക്ക് കടന്നുവന്നതായി കാണുന്നത്........

യേശുക്രിസ്തുവിനെ ദർശിച്ച തർസീസുകാരൻ ശൗലിനു പോലും ദൈവ വചനം കേൾക്കുന്നതിനായി കാത്തിരിക്കേണ്ടിവന്നു........ അതിനുശേഷമാണ് ശൗലിന് എഴുന്നേററ് സ്നാനം ഏല്ക്കുവാൻ കഴിഞ്ഞത്........പ്രവർത്തികൾ 22:16.

സുവിശേഷത്തിലൂടെ ലുദിയ (പ്രവർത്തി 16:14) യുടെ ഹൃദയം തുറന്ന കർത്താവ് ഇന്നും അതേ മാർഗ്ഗത്തിലൂടെ പാപികളുടെ ഹൃദയം തുറക്കുന്നു. തുടർന്ന് സ്നാനം ഏല്ക്കുവാനായി വിനയത്തോടും അനുസരണത്തോടും ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുമ്പോൾ അവൻ നമ്മുടെ പാപങ്ങളെ മോചിക്കുന്നു പ്രവ:22:16

3. കൂടുതലായി വിവരങ്ങളോ, വെളിപ്പാടുകളോ പരിശുദ്ധാത്മാവ് ഇന്നു നല്കുന്നില്ല. കർത്താവിന്റെ ശിഷ്യന്മാർ സകല സത്യത്തിലും വഴിനടത്തപ്പെട്ടു. (യോഹന്നാൻ 16:13) വിശ്വാസികൾക്കു് ഒരിക്കലായിട്ടു് ഭരമേല്പിച്ചിരിക്കുന്ന രക്ഷയെന്ന് യൂദാ എഴുതുന്നു. യൂദ-3.

" ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനും........ (" II തിമോഥെ) 3:16-17) തിരുവെഴുത്തുകൾ പ്രയോജനമുള്ളതാകുന്നു.

– വചനത്തിന്റെ ജ്ഞാനത്താൽ.......നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം നല്കപ്പെട്ടിരിക്കുന്നു. 11 പത്രോസ് 1:3.

ദൈവ വചനം വ്യാഖ്യാനിക്കുമ്പോഴാം ദൃശ്യമായ വെളിപാട് ലഭിക്കും എന്ന് വചനം അനുശാസിക്കുന്നില്ല. അങ്ങനെ നിർബന്ധിക്കുന്നവർ വചനത്തിന് വിരുദ്ധമായാണ് സംസാരിക്കുന്നത്. നാം എല്ലാവരും ഒരേ സംഗതി തന്നെ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്ന പരിശുദ്ധാത്മാവ് ഒരാളെ ബാപ്റ്റിസ്റ്റുകാരനായും, മറ്റൊരാളെ യഹോവസാക്ഷിയായും, തീരണമെന്ന് ആഗ്രഹിക്കുന്നുവോ ? 1. കൊരിന്ത്യ 1:10.

ഇന്നു കാണുന്ന സകലവിധ പുതിയ വെളിപ്പാടുകളും വചന വിരുദ്ധമായി നിലകൊള്ളുന്നു.......ഇവ അനേകർ രക്ഷയിലേയ്ക്ക് കടന്നുവരുന്നതിന് തടസ്സവും സൃഷ്ടിക്കുന്നു.

4. ദൈവത്തിന്റെ ആത്മാവ് നമ്മിലേക്ക് ലഭിക്കാതെ ആർക്കും രക്ഷ അവകാശപ്പെടുവാൻ സാദ്ധ്യമല്ല. " ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല " റോമർ 8:9 സ്നാനം ഏല്ക്കുന്നതിനു മുൻപോ, സ്നാനം കൂടാതെയോ ആത്മാവിന്റെ സാന്നിദ്ധ്യം അവകാശപ്പെടുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ പ്രവർത്തികൾ 2:38 പ്രകാരം.......പാപമോചനത്തിനും, പരിശുദ്ധാത്മദാനത്തിനുമായി വിശ്വാസികൾ മാനസാന്തരപ്പെടുകയും സ്നാനം ഏല്ക്കുകയും വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

" നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശ പ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന് പുനർജനനസ്നാനംകൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു മൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നേ " തീത്തോസ് 3:5-6.

ദൈവത്തിന്റെ മകനായി തീരുകയെന്നതും അവന്റെ ദിവ്യമായ സാദൃശ്യത്തോട് പങ്കുചേരുക എന്നതും എത്രയോ സ്വർഗ്ഗീയമായ അനുഗ്രഹമാണ്. 11 പത്രോ 1:4.

" ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു, അവനാലല്ലോ, നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നതു." എഫെസ്യർ 4:30.

# ശരിയായ സംഭാഷണം

ഗ്രേഗ മക്ഡേഡ്:

" സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക "( തിത്തൊസ് 2:7 ) എന്ന് അപ്പോസ്തലനായ പൗലോസ് മുതിർന്നവരെയും യുവാക്കളെയും ഒരു പോലെ പ്രബോധിപ്പിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ സാക്ഷ്യമുള്ള ജീവിതത്തിന്റെ പ്രധാന ഭാഗമായി " ശരിയായ സംഭാഷണം " പൗലോസ് എടുത്തുകാണിക്കുന്നു. ശരിയായ സംഭാഷണം നിഷേധത്തിന് സ്ഥാനമില്ലാത്തതാണ്. അതു് ജ്ഞാനമുള്ളതാണ് എന്നതിനുപരി ശക്തവുമാണ്. ശരിയായ, യഥാർത്ഥമായ സംഭാഷണത്താൽ " വിരോധി നമ്മെകൊണ്ടു് ഒരു തിന്മയും പറവാൻ കഴിയാതെ ലജ്ജിക്കുന്നു. " ( തീത്തൊസ് 2: 7-8 ) കൂടാതെ അവർക്കു് ആക്ഷേപിക്കുവാൻ വക ലഭിക്കുന്നുമില്ല.

യഥാർത്ഥമായ അഥവാ ശക്തമായ സംഭാഷണം.... നിരൂപണങ്ങൾക്കും കുററങ്ങൾക്കും ഉപരിയായിട്ടുള്ളതാണ്....അതിനെ ആരോഗ്യമുള്ള സംഭാഷണമെന്നു് ചിലർ വിശേഷിപ്പിക്കുന്നു. ചില പരിഭാഷകളിൽ പൂർണ്ണമായ, ഒഴിച്ചു കൂടാൻ പാടില്ലാത്ത സംഭാഷണമായി ശരിയായ സംഭാഷണത്തെ വ്യാഖ്യാനിക്കുന്നു. പൗലോസ് കൊലോസ്സ്യയിലുള്ള വിശ്വാസികളോടു് ഇപ്രകാരം എഴുതുന്നു. ഓരോരുത്തനോടു് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിനു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും, ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കട്ടെ ' കൊലൊസ്സ്യർ 4:6.

സംശയപ്രദമായ സംഭാഷണങ്ങൾ ഒരു ക്രിസ്ത്യാനിയുടെ അധരത്തിൽനിന്നു പുറപ്പെടുമ്പോൾ.... ആ വ്യക്തിയുടെ സ്വഭാവത്തെ അതു് വെളിപ്പെടുത്തുന്നു.

" ഉച്ചരിച്ച ഒരു വാക്ക് ഒരിക്കലും തിരിച്ചെടുക്കുവാൻ കഴിയുകയില്ല; ആയതിനാൽ ജ്ഞാനി അധരത്തിൽ കാവൽ ഏർപ്പെടുത്തുന്നു. "

ജ്ഞാനിയായ ശലോമോൻ ഇപ്രകാരം എഴുതി. " വാക്കിൽ ബദ്ധപ്പാടുള്ള മനുഷ്യനെ നീ കാണുന്നുവോ? അവനെക്കാൾ മൂഢനെക്കുറിച്ചു് അധികം പ്രത്യാശയുണ്ടു് " സദൃശവാക്യങ്ങൾ 29:20. " വാക്കുപെരുപ്പം കൊണ്ടു് ഭോഷന്റെ ജല്പനവും ജനിക്കുന്നു " സഭാപ്രസംഗി 5:3.

ഈ വാക്യങ്ങളിൽനിന്നു് മനുഷ്യന്റെ സംഭാഷണത്തിന്റെ ശക്തിവെളിപ്പെടുന്നു. " മരണവും ജീവനും നാവിന്റെ അധികാരത്തിൽ

ഇരിക്കുന്നു എന്നും ശലോമോൻ മനസ്സിലാക്കി. സദൃശവാക്യ
ങ്ങൾ 18:21. മൃദുവായ വാക്കിനെ പററി- " മൃദുവായ നാവു അസ്
ഥിയെ നുറുക്കുന്നു " ( സദൃശവാക്യങ്ങൾ 25:15 ) എന്നും " മൃദു
വായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു " എന്നും വിവരിക്കപ്പെട്ടി
രിക്കുന്നു. ( സദൃശവാക്യങ്ങൾ 15:1 )

ശരിയായ സ്ഥാനത്തു് സമയത്തു ഉപയോഗിക്കുന്ന ശരിയായ
സംഭാഷണം അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നു, ജ്ഞാനിയായ രാ
ജാവു. പറഞ്ഞ പ്രകാരം ( സദൃശ വാക്യങ്ങൾ 25:11 ) 'തക്ക സമയത്തു
പറഞ്ഞ വാക്കു വെള്ളിത്താലത്തിൽ പൊൻ നാരങ്ങ പോലെ.' ഇപ്ര
കാരം ശലോമോൻ ബുദ്ധിയുള്ളതും, മധ്യസ്ഥതരവുമായ സംഭാഷണങ്ങ
ളെപററി വിശദമായി വിവരിക്കുന്നു.... കൂടാതെ.... എല്ലാവാക്കുകളും
ദൈവം ശ്രദ്ധിക്കുന്നു എന്നും വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

" ജ്ഞാനിയുടെ വാക്കു നല്ല പരിജ്ഞാനം പ്രസ്താവിക്കുന്നു.
മൂഢന്മാരുടെ വായോ ഭോഷത്വം പൊഴിക്കുന്നു. യഹോവയുടെ കണ്ണു
എല്ലാടവും ഉണ്ടു് ആകാത്തവരെയും നല്ലവരെയും നോക്കികൊണ്ടിരി
ക്കുന്നു. നാവിന്റെ ശാന്തത ജീവവൃക്ഷം; അതിന്റെ വക്രതയോ
മനോവ്യസനം " ( സദൃശവാക്യം 15:2–4 ).

ബഞ്ചമിൻ ഫ്രാങ്ക്ലിൻ....എന്ന പേരിലറിയപ്പെട്ടിരുന്ന പ്രസി
ദ്ധനായ ഒരു സുവിശേഷ പ്രാസംഗികൻ ക്രിസ്ത്യാനികളുടെ സം
ഭാഷണത്തെ പററിയും അതിൽ ശ്രദ്ധിക്കേണ്ട ആവശ്യകതയെ പററി
യും ഇപ്രകാരം എഴുതി....

" സത്യവിരോധികളായ, സത്യം നിഷേധിക്കുന്ന വ്യക്തി
കൾ ക്രിസ്ത്യാനികളുടെ അധരത്തിൽ നിന്നു കടന്നുവരുന്ന ഓരോ
വാക്കുകളും സൂക്ഷ്മമായി പരിശോധിക്കുകയും, ശോധന ചെയ്യുക
യും അതിലെ തെററുകളും, കുറവുകളും ചൂണ്ടികാട്ടുകയും ചെയ്യും.
ഇപ്രകാരം സംഭാഷണത്തിലെ തെററുകൾ ചൂണ്ടികാട്ടി അവർ സത്യ
ത്തിൽ നിന്നും അനേകരുടെ ശ്രദ്ധ തെററിക്കാറുണ്ടു്. ആയതിനാൽ
നാം സത്യം എപ്രകാരം വ്യക്തമായും, ഘടകവിരുദ്ധങ്ങളായ പ്ര
യോഗങ്ങൾ ഒഴിവാക്കിയും,, സത്യത്തിനു് പ്രധാന്യം നല്കിയും,
സ്നേഹത്തിലും........ആത്മ രക്ഷക്കായും.... ഉപയോഗിക്കണ്
എന്ന് അറിഞ്ഞിരിക്കേണം......... "

* * *

# അവൻെറ രാജ്യവും നീതിയും

## ( മത്താ. 6 : 33 )

**M. K. Kurian. ( Mamundail ).**

" മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും, " എന്നു ഗിരിപ്രഭാഷണ മദ്ധ്യേ യേശുക്രിസ്തു തൻെറ ശ്രോതാക്കളോടു ആഹ്വാനം ചെയ്തിരുന്നു.

സുപ്രധാനമായ മററു ചില വേദവാക്യങ്ങളെപ്പോലെ തന്നെ ഈ വാക്യവും ചില തെററിദ്ധാരണകൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ടു്. എന്തു കൊണ്ടെന്നാൽ ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്ന വലിയൊരു സമൂഹം " നിൻെറ രാജ്യംവരേണമേ; നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ, " എന്നു നൂററാണ്ടുകളായി പ്രാർത്ഥിച്ചു കൊണ്ടേയിരിക്കുന്നു. യേശുക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ ഈ ഭൂമിയിൽ അവൻ ഒരു രാജ്യം സ്ഥാപിക്കുമെന്നു ചിലർ പഠിപ്പിക്കുന്നു. മററു ചിലരോ ദാരിദ്ര്യത്തിലും കഷ്ടതയിലും വലയുന്ന ക്രിസ്ത്യാനികളോടു തന്നേ അതിന് പരിഹാരമാർഗ്ഗമായി " മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും, " എന്നു് ഉപദേശിക്കയും ചെയ്യുന്നു. എന്നാൽ രാജ്യവും നീതിയും എന്തെന്നും, ഇപ്രകാരം ഒരാഹ്വാനം ചെയ്തതിൽകൂടി യേശുക്രിസ്തു ലക്ഷ്യമാക്കിയിരുന്നതു എന്താണെന്നും നാം ബോധപൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

" മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും, " എന്നു മാത്രമല്ല ക്രിസ്തു ഉപദേശിച്ചതു് ദൈവരാജ്യത്തെക്കുറിച്ചു്. മററു പല യാഥാർത്ഥ്യങ്ങളും അവൻ പഠിപ്പിച്ചിരുന്നു, ഉദാ: മത്താ. 13-ാം അദ്ധ്യായം പഠിക്കുക. " കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ, " എന്നു പ്രസംഗിച്ചും കൊണ്ടാണ് ആദ്യം ഈ ഭൂമിയിൽ ക്രിസ്തു തൻെറ വേല ആരംഭിച്ചതു് ( മർക്കോ. 1:14-15 ). മാത്രമല്ല, " നിൻെറ രാജ്യം വരേണമേ; നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ " എന്നു സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കണമെന്നും ( മത്താ. 6:9-10 ), ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയുള്ളു എന്നും അവനെ അനുസരിക്കണമെന്നുള്ളതാണ് ദൈവേഷ്ടം എന്നും അവ

ൻ വെളിപ്പെടുത്തി ( മത്താ.7:21, വാക്യം 24 ). എല്ലാററിലുമുപരി യായി, ദൈവരാജ്യം ശക്തിയോടെ വരുന്നതു ആ തലമുറയിൽ തന്നെയുള്ള ചിലർ കാണും എന്നും, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലാ എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ലാ എന്നും അവൻ പ്രബോധിപ്പിച്ചു. ( മർക്കൊ. 9:1 ), ( യോഹ 3:5 ) ശ്രദ്ധിച്ചാലും! കർത്താവു ഇപ്രകാരമെല്ലാം പറഞ്ഞതു ക്രിസ്ത്യാനികളോടല്ല, അന്നു ക്രിസ്ത്യാനികൾ ഉണ്ടായിട്ടില്ല, ക്രിസ്ത്യാനികൾക്ക് ഈ ഉപദേശങ്ങൾ ബാധകവുമല്ല.

എന്തു കൊണ്ടെന്നാൽ ദൈവരാജ്യം എന്നു പറയുന്നത് ക്രിസ്ത്യാനികളും "പുതിയ നിയമം" ദൈവ നീതിയുടെ സന്ദേശവുമാണ്. ഇപ്രകാരം ഒരാഹ്വാനം ചെയ്തിൽകൂടി യേശുക്രിസ്തു ലക്ഷ്യമാക്കിയിരുന്നതു മനുഷ്യരാശിയുടെ നിത്യരക്ഷയുമാണ്. കാരണം, ഒരു നാളും നശിച്ചുപോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമായ ഒരു രാജ്യം സ്ഥാപിക്കും. ( ദാനി 2:44 ), സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും.................. എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും ( യോവേ. 2:28–32 ). ഞാൻ യിസ്രായേൽ ഗൃഹത്തോടു പുതിയോരു നിയമം ചെയ്യുന്ന കാലം വരും ( യിര 31:31 ), തന്റെ ഏക പുത്രനായ ക്രിസ്തുവിനെ ഒരു പാപ പരിഹാര യാഗമായി അർപ്പിക്കയും അവനെ ഉയർപ്പിക്കയും ചെയ്തശേഷം അവന്റെ കയ്യാൽ ഇതെല്ലാം സാധിക്കയും ചെയ്യും. ( സങ്കീ. 40: 6-8 ) ( യെശ.53. ). ആയതിനാൽ ക്രിസ്തുവിനെ അയക്കുമ്പോൾ എല്ലാവരും അവന്റെ വാക്കുകേൾക്കണം എന്നെല്ലാം ദൈവം അരുളിച്ചെയ്തിരുന്നു. ( ആവ.18:15-19 ). ( യെശ 53:10 ) ( മത്താ.5:17-18 ).

ഇപ്രകാരം ദൈവം തന്റെ പുത്രനെ കുരിശിൽ ബലിയർപ്പിക്കയും മരിച്ചവരുടെ ഇടയിൽ നിന്നും അവനെ ഉയർപ്പിക്കയും ചെയ്തുകൊണ്ടു തന്റെ നീതിയെ പ്രദർശിപ്പിച്ചു ( റോമ.3:20-26 ). ( യോഹ 3:16 ). ആ ദൈവ നീതിയുടെ സന്ദേശമാണ് പുതിയ നിയമം ( മത്താ .26:27-29 ). ഉയിർത്തെഴുന്നേററപ്പോൾ "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു" എന്നു ക്രിസ്തു പ്രഖ്യാപിച്ചതു ഇക്കാരണത്താലാണ്. രാജ്യം സ്ഥാപിക്കുക, ആത്മാവിനെ പകരുക, പുതിയ നിയമം ചെയ്യുക, അവനെ കൈക്കൊള്ളുന്നവർക്ക് നിത്യരക്ഷയും, കൈക്കൊള്ളാത്തവർക്ക് നിത്യ ശിക്ഷാവിധിയും കല്പിക്കുക എന്നു മാത്ര

മല്ലാം സർവ്വാധികാരവും അവനു ലഭിച്ചു. ( മത്താ. 28:19 ). ( എഫെ. 1:20-23 ) ( എബ്രാ. 5:8-9 ). ( യോഹ. 12:48 ). അവൻ സ്വർഗ്ഗാരോഹണം ചെയ്ത ശേഷമുള്ള ആദ്യത്തെ പെന്തക്കോസ്തു നാളിൽ അവൻെറ പ്രവചന പ്രകാരം ദൈവരാജ്യം ശക്തിയോടെ വന്നു ( മർക്കോ. 9:1 ). അപ്പോസ്തോലന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ പകർന്നു, അവർ പുതിയ നിയമം പ്രഖ്യാപിക്കയും അവരെ കൈക്കൊണ്ടവർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ ദൈവരാജ്യമാകുന്ന ക്രിസ്തുവിൻെറ സഭയോടു ചേർക്കയും ചെയ്തു ( പ്രവൃ. 1:1-8 ) ( പ്രവൃ. 2 ). ( മത്താ. 16:18-19) ( യോഹ 13:20).

പുതിയ നിയമം " സത്യം " ആകുന്നു ( യോഹ. 1:17 ). (8:31 -32 ) പുതിയ നിയമം ക്രിസ്തുവിൻെറ സുവിശേഷമാകുന്നു. ( മർക്കോ. 16:15-16 ). ( 2 കൊരി. 2:12 ). (എഫെ. 1:13 ). ദൈവ നിശ്ചയ പ്രകാരം ആദ്യം ഈ ലോകത്തിൽ പുതിയ നിയമം പ്രഖ്യാപിച്ചതു യേശുക്രിസ്തുവിൻെറ അപ്പോസ്തോലന്മാരാണ്. (യിര. 31:31 ) ( 2 കൊരി. 3:2-6 ). അതിലെ ഉപദേശ രൂപത്തെ ഹൃദയ പൂർവ്വം അനുസരിക്കുന്ന സകല മനുഷ്യരും പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ചു രക്ഷിക്കപ്പെടുകയും സഭയോടു ചേർക്കപ്പെട്ടു പുതിയ നിയമത്തിന് അധീനരാകയും ചെയ്യുന്നു. ( പ്രവൃ. 2:38-47 ). ( റോമ. 6:17-18 ). അവർ കർത്താവിൻെറ ശിഷ്യന്മാരും അവരുടെ നാമം ക്രിസ്ത്യാനികൾ എന്നും ആകുന്നു. ( മത്താ. 28:18-20 ). (പ്രവൃ. 9:1 ) ( പ്രവൃ. 11:26 ). അവരെക്കുറിച്ചു ക്രിസ്തു പഠിപ്പിച്ചതു "എൻെറ രാജ്യം ഐഹികമല്ല " എന്നാണ്. അതായത് ആഡംബര പ്രൗഢികളോടു കൂടിയ ഒരു രാജാവില്ല, കൊട്ടാരമില്ല, മണിമേടകളില്ല, സൈന്യാധിപന്മാരും പടയാളികളുമില്ല, അത് ഒരു ആത്മിക രാജ്യമാണെന്നർത്ഥം ( യോഹ. 18:36 ).

ആ രാജ്യത്തിലുള്ളതെല്ലാം ദൈവത്തിൻെറ മന്ദിരമാണ്. ദൈവത്തിൻെറ മന്ദിരം ഒരു കെട്ടിടമല്ല. പിന്നെയോ, അത് സാക്ഷാൽ ക്രിസ്ത്യാനികളാണ്. ( 1. കൊരി. 6:16 ). ( 1 കൊ. 6:19 ) ( 2 കൊ. 1:22 ) ( റോമ 8:9 ). ക്രിസ്ത്യാനികളാണ് ദൈവരാജ്യമെന്നു ഇതിൽ നിന്നും വ്യക്തമായി തെളിയുന്നു. ( യോഹ. 3:5 ) (കൊലൊ. 1:13) ( വെളി. 1:6 ). നീതിക്ക് അഥവാ പുതിയ നിയമത്തിന് ദാസന്മാരായിത്തീർന്ന അവർ പുതിയ നിയമാനുസരണം ജീവിക്കുന്നു. അതിൻെറയർത്ഥം അവർ ആത്മാവിനെ അനുസരിച്ചു നടക്കുന്നു.

ഷ്ണനാണ് (റോമ. 8:2-4) (ഗലാ. 5:16-18). തന്നിമിത്തം ആത്
മീകമായി വളർച്ച പ്രാപിച്ച് അവർ ഫലം കായ്ക്കുന്നു. അവർ
സ്നേഹമുള്ളവരും സന്തോഷമുള്ളവരും, സമാധാന പ്രിയരുമാകു
ന്നു. അവർ ദീർഘക്ഷമയും ദയയും ഉള്ളവരാകുന്നു. അവർ പരോ
പകാരം ചെയ്യുന്നവരും, വിശ്വസ്തരും, സൗമ്യതയും; ഇന്ദ്രിയ ജ
യവുമുള്ളവരാകുന്നു (ഗലാ. 5:22-23). ഇവ അവരിൽ കായ്ക്കുന്ന
ഫലമാകയാൽ അവർ ലോകത്തിന്റെ വെളിച്ചമാകുന്നു. (മത്താ. 5:13
16). ഇപ്രകാരമുള്ള അവരുടെ ജീവിതത്തിന്റെ ഫലം വിശുദ്
ധീകരണവും അതിന്റെ അന്തം നിത്യജീവനുമാകുന്നു. എന്തുകൊ
ണ്ടെന്നാൽ കർത്താവു വരുമ്പോൾ അവൻ രാജ്യം പിതാവായ ദൈവ
ത്തെ ഏല്പിക്കും. (റോമ. 6:17-18; വാക്യം. 22). (1, കൊരി, 15:
20-24).

ശ്രദ്ധിച്ചാലും! രാജ്യവും നീതിയും അന്വേഷിക്കാത്ത ലക്ഷ
ക്കണക്കിന് മനുഷ്യർ ഈ ലോകത്തിൽ സുഭിക്ഷമായി കഴിയുന്നു
"ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടു വന്നിട്ടില്ല; ഇവിടെ
നിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും
ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക" അതു കർത്താ
വ് വാഗ്ദത്തം ചെയ്തിട്ടുണ്ടു് (1, തിമോ. 6:7-8) (മത്താ. 6:31-33).
കാരണം സത്യ ക്രിസ്ത്യാനികൾ ആത്മാവിന്റെ ഫലം പുറപ്പെ
ടുവിക്കുന്നതിനാൽ അവരുടെയിടയിൽ ദാരിദ്ര്യം മാത്രമല്ല, കുററ
ങ്ങളും കുറവുകളും കൂടെ പരിഹരിക്കപ്പെടുന്നത് സ്വാഭാവികമാണ്.
ദൈവത്തിന്റെ ഇഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകു
ന്നതു ഇങ്ങനെയാണ്. എങ്കിലും ഖേദകരമെന്നു പറയട്ടെ ക്രിസ്
ത്യാനികളെന്ന് അവകാശപ്പെടുന്ന ഒരു വമ്പിച്ച ജനസമൂഹം നൂററാ
ണ്ടുകളായി നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗ
ത്തിലേപ്പോലെ ഭൂമിയിലും ആകേണമേ എന്നു പ്രാർത്ഥിച്ചു കൊ
ണ്ടും അന്വേഷിച്ചുകൊണ്ടുമിരിക്കുന്നു. എങ്കിലും അവരിൽ ഭൂരി
ഭാഗം പേരും ഇന്നേവരെ അത് കണ്ടെത്തിയിട്ടില്ല. (മത്താ. 7:13-14)
ആയതിനാൽ "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷി
പ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും" എന്നു
ആഹ്വാനം ചെയ്തതിൽകൂടി യേശുക്രിസ്തു ലക്ഷ്യമാക്കിയിരു
ന്നത് മനുഷ്യരാശിയുടെ നിത്യരക്ഷയാണ്. (യോഹ. 3:16).

അവന്റെ രാജ്യവും നീതിയും ഏകദേശം AD. 33-ൽ തന്നെ വ
ന്നു കഴിഞ്ഞു. ഇനിയും നീതിയുടെ സന്ദേശമായ രാജ്യത്തിന്റെ
വചനം ഹൃദയപൂർവ്വം അനുസരിക്കമാത്രം ചെയ്യുക. എന്നാൽ ദൈ
വത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകും. അ
തിന്നായി ദൈവം നമ്മെ എല്ലാവരേയും സഹായിക്കുമാറാകട്ടെ.

YOUR ATTENTION PLEASE!

# Radio Sri Lanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P. M.

Saturdays– 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P.M.

Friday—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Qulion—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also, the radio sermons are available in book form.

Regd : No, K. Dis. 90095/ 86/ A8

# സുവിശേഷ യോഗം

## യേശു : ദയാപരനായ കർത്താവു്

സ്ഥലം: ചർച്ചു് ഓഫ് ക്രൈസ്റ്റ് ബിൽഡിങ്ങ്
സംസ്കൃത കോളേജിനു പുറകിൽ, പാളയം.

സമയം : 1987 ജൂൺ 2 മുതൽ 6 വരെ ദിവസേന
വൈകുന്നേരം 6. 30 ന്.

പ്രസംഗകർ : ശ്രീ. പി. കെ. വർഗ്ഗീസ്,
(തിരുവനന്തപുരം)
: ശ്രീ. തമ്പി. അബ്രഹാം
(പാലക്കാട്)

എല്ലാവർക്കും സ്വാഗതം.

ചർച്ചു് ഓഫ് ക്രൈസ്റ്റ്
സണ്ണിമീഡ്സ് ലെയിൻ
സംസ്കൃത കോളേജിനു പിൻവശം,
പാളയം, തിരുവനന്തപുരം

---

From

THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India

To